(ബി) ടി അബ്രഹാം സ്കൂളിൽ കയറി അദ്ധ്യാപകന്മാരെയും മറ്റും ഭീഷണിപ്പെടുത്തുകയുണ്ടായോ ;

(സി) ഈ പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഉണ്ട്.

(ബി) ഉണ്ടായി.

(സി) പോലീസ് ഒരു കേസ് രജിസ്റ്റർചെയ്ത നടപടി എടുത്തു വരുന്നുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : വളരെ അധികം കേസുകളിൽ പ്രതിയായിട്ടുള്ള ഒരാളാണ് ഈ സ്ത്രീവളപ്പിൽ കടന്ന അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ഭീഷണിപ്പെടുത്തിയതെന്ന പരാതിയുണ്ടായിട്ടുണ്ടോ. അങ്ങനെ വിദ്യാർത്ഥികളെയും അദ്ധ്യാപകരേയും ഭീഷണിപ്പെടുത്തിയതിനു എന്തെങ്കിലും ഉടനടി തമായ നടപടിയെടുക്കാൻ ഭയമുണ്ടാകുമോ ?

ശ്രീ. ആർ. ശങ്കർ : പോലീസ് ഉടനടിതമായിട്ടുള്ള നടപടികളെടുക്കണമെന്ന നിർദ്ദേശം കൊടുത്തിട്ടുണ്ട്.

റയൺസ് കമ്പനിയിലെ ലേ ആഫ്

* 904. [45] ഡാ: കെ. എം. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) പെരുമ്പാവൂർ റയൺസ് കമ്പനിയിൽ ലേ ആഫ് ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇതുമൂലം എത്രപേർ തൊഴിൽ ചെയ്യാതെ പുറത്തു നില്ക്കുന്നുണ്ട് ;

(സി) ലേ ആഫിനു് എന്താണു് കാരണം ;

(ഡി) ഏതൊക്കെ വിഭാഗത്തിലാണ് ലേ ആഫ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(ഇ) ഈ പ്രശ്നം പരിഹരിക്കുന്നതിനു് ഗവണ്മെന്റ് എന്തു നടപടി സ്വീകരിച്ചു ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) ഉണ്ട്.

(ബി) 442 പേർ.

(സി) റെയാൺ നൂലിന്റെ സ്റ്റോക്ക് പരിമിതമായ തോതിൽ കെട്ടിക്കിടക്കുന്നതാണ് കാരണം.

(ഡി) സ്പിന്നിംഗ് വിഭാഗത്തിലും അതിനോടനുബന്ധിച്ചു വിഭാഗങ്ങളിലും.

(ഇ) കമ്പനിയുടമയും തൊഴിലാളിയൂണിയനുകളും നേരിട്ടു സംഭാഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ സംഭാഷണം പരാജയപ്പെടുകയാണെങ്കിൽ ഡിപ്പാർട്ടുമെന്റു് ഇടപെട്ടു് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ഒ. ബാവാ : ലേ ആഫിന്റെ ഫലമായി അഞ്ഞൂറോളം തൊഴിലാളികൾ തൊഴിൽ രഹിതരായിത്തീർന്നിട്ടുണ്ട്. അവിടത്തെ ബാക്കി പ്രവർത്തനങ്ങൾ നിശ്ചലമാകാതെ ഇരിക്കുന്നതിനു ഗവണ്മെന്റു കഴിയുന്നതും നേരത്തെ ആ ലേ ആഫ് അവസാനിപ്പിച്ച ആ ഫാക്ടറിയുടെ പുനർപ്രവർത്തനം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : ബഹുമാനപ്പെട്ട മെംബർതന്നെ അതിലിടപെട്ട ഒരു തീരുമാനം ഉണ്ടാക്കിയതിനുശേഷം തൊഴിലാളികൾ അവിടെ പ്രവേശിച്ചു രണ്ടുദിവസം കഴിഞ്ഞപ്പോൾ വീണ്ടും കുഴപ്പങ്ങൾ ഉണ്ടാക്കി. തൊഴിലാളികൾ ഇങ്ങനെ ചെയ്താൽ എന്താണു ചെയ്യുക. ഇങ്ങനെ രണ്ടുദിവസംകൊണ്ടു കുഴപ്പങ്ങൾ വീണ്ടും ഉണ്ടാക്കിയതായിട്ടാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. ഈ കാര്യത്തിൽ എല്ലാവർക്കും കുറെ ഉത്തരവാദിത്വം ഉണ്ട്.

ശ്രീ. കെ. എം. ജോർജ്ജ്: സർ, അവിടെ ഈ റെയാൺ നൂലുകെട്ടിക്കിടക്കുന്നതെന്തുകൊണ്ടാണ്? കാളിറിറിയിൽ എന്തെങ്കിലും വ്യത്യാസം വന്നതുകൊണ്ടാണോ ?

ശ്രീ. കെ. ടി. അച്യുതൻ : അവിടെ 170 ടൺ നൂൽ കെട്ടിക്കിടക്കുകയാണ്. മാത്രമല്ല, തൊഴിലാളികൾ ആദ്യത്തെപ്പോലെ ജോലിചെയ്യുന്നുമില്ല. അതു അവിടെ വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. അതു പിറന്നുകിട്ടാൻ വളരെ ശ്രദ്ധിക്കുന്നുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇങ്ങനെ ഒരു നിസ്സഹായനില എടുക്കുന്നതിന്റെഫലമായി അവിടത്തെ മാനേജ്മെന്റു ലേ ആഫ് തുടർന്നു പ്രഖ്യാപിക്കുകയും മക്കടമുഷ്ടി പിടിക്കുകയുമാണു ചെയ്യുന്നതു്. അതുകൊണ്ടു അവിടത്തെ തൊഴിലാളിക്കും മാനേജ്മെന്റുമായി സംഭാഷണം നടത്തി ഈ ലേ ആഫ് അവസാനിപ്പിക്കുന്നകാര്യത്തിൽ നടപടികൾ എടുക്കാൻ ഭയവുണ്ടാകുമോ ?

ശ്രീ. കെ. ടി. അച്യുതൻ : ഗവണ്മെൻറും മാനേജ്മെൻറും തൊഴിലാളിയൂണിയനുകളുമായി സംഭാഷണം നടത്തിയാണു ആദ്യമെ ഒരു തീരുമാനമുണ്ടായതു്. എന്നാൽ യൂണിയനും ഉദ്യോഗസ്ഥന്മാരുമായി എടുത്ത തീരുമാനമനുസരിച്ചുള്ള എഗ്രിമെൻറു തൊഴിലാളികൾ ലംഘിച്ചപ്പോൾ അതിന്മേൽ മാനേജ്മെൻറു നടപടിയെടുത്തു. അതിനുശേഷം ഞാനും ശ്രീമാൻ ബാവായും കൂടി അവിടെചെന്നു ഇതിനൊരു തീരുമാനം ഉണ്ടാക്കാൻ ശ്രമിച്ചതിൽ അതു നടപ്പാക്കാൻ നിവൃത്തിയില്ലാതെവന്നു. എന്നാൽ അതിനുശേഷം ഇന്നത്തെ പുതിയ യൂണിയൻഭാരവാഹികൾ കുറച്ചു ഉത്തരവാദിത്വത്തോടുകൂടി പെരുമാറാൻപോകുന്നു എന്നറിയുന്നു.

ശ്രീ. പി. വിശ്വംഭരൻ : വലിയതുറയിലെ തൊഴിലാളികളുടെമേൽ അടിയന്തിരാധികാരം ഉപയോഗിച്ചു നടപടി നടത്തിയതുപോലെ ഇവരുടെ പേരിലും അങ്ങനെ നടപടി എടുക്കുമോ.

ശ്രീ. പി. ടി. ചാക്കോ : അതു വേണ്ടിവന്നാൽ ഉപയോഗിക്കും.

ശ്രീ. പി. ബാലചന്ദ്രമേനോൻ: അവിടെ വർക്കലോഡു് ജാസ്തിയാക്കുകയും അതിനനുസരണമായ കൂലി തൊഴിലാളികൾക്കു കൊടുക്കാതിരിക്കുകയും ചെയ്തതു മൂലമാണു് ഈ കുഴപ്പമുണ്ടായതു് എന്നും ഈവിധത്തിൽ വർക്കലോഡു് കൂട്ടിയതിൽവച്ചു ലാഭം വല്ലതുമുണ്ടെങ്കിൽ അതു തൊഴിലാളികൾക്കു കൊടുക്കണം എന്നു പറഞ്ഞിട്ടുള്ളതു മാനേജ്മെൻറു നടപ്പാക്കിയില്ലാ എന്നുള്ളകാര്യവും ഗവണ്മെൻറു മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : ആ തീരുമാനം കഴിഞ്ഞതിനുശേഷം ഇവാല്യുവേഷൻ കഴിഞ്ഞതിനുശേഷംവേണം അതു നടപ്പിലാക്കാൻ. അപ്പോഴേക്കും അവിടെ നൂലിന്റെ കാളിറിറിയും മോശമായി, വർക്കലോഡും കുറഞ്ഞു. അതുകൊണ്ടു സ്വാഭാവികമായി ഈ കാലയളവിൽ നേരത്തെ സമ്മതിച്ചിട്ടുള്ള കാര്യങ്ങളും കണ്ടും സാധിക്കാതെ വന്നിരിക്കുകയാണു്,

LIBRARY ARCHIVES Kerala Legislative Assembly